എപ്പിസോഡുകൾ വീതമുള്ള വീഡിയോ ക്ലാസ്സ് തയ്യാറാക്കി രാത്രി 7-നും 10-നും ഇടയ്ക്ക് സംപ്രേഷണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന-പരീക്ഷാ സംബന്ധമായ മാനസിക സംഘർഷം ഒഴിവാക്കുന്നതിനും തൊഴിൽപരമായ അറിവുകൾ നൽകുന്നതിനുമായി കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് പ്രോഗ്രാം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ജി) ഉണ്ട്.

പോളിടെക്നിക്കുകളുടെ പാഠ്യപദ്ധതി പരിഷ്ക്കരണം

26 (*416) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോളിടെക്നിക്കുകളുടെ പാഠ്യപദ്ധതി അടുത്ത കാലത്തായി പരിഷ്കരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) സിലബസ് പരിഷ്കരണംമൂലം മാറ്റം വന്ന പുസ്തകങ്ങൾക്ക് പകരമുള്ള പുസ്തകം തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ടോ ;

(സി) പാഠപുസ്തകം ലഭിക്കാത്തതിനാൽ പല പോളിടെക്നിക്കുകളിലും ഒന്നാം വർഷ ക്ളാസ്സുകളിൽ പഠനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട് ; പോളിടെക്നിക്ക് പാഠ്യപദ്ധതിയുടെ ഒന്നും രണ്ടും സെമസ്റ്റർ പരിഷ്ക്കരിച്ചുകഴിഞ്ഞു. ക്രെഡിറ്റ് & സെമസ്റ്റർ രീതിയിലാണ് പരിഷ്ക്കരിക്കുന്നത്.

(ബി) പോളിടെക്നിക്ക് പാഠ്യക്രമത്തിൽ സർക്കാർ പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്ന രീതി നിലവിലില്ല.

(സി) ബാധകമല്ല.

ബദൽ വിദ്യാലയങ്ങളുടെ ഭരണനിർവ്വഹണവും പാഠ്യക്രമീകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

27 (*417) ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ ബദൽ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഇതിനായി എത്ര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു ;

(സി) ഇത്തരം വിദ്യാലയങ്ങളുടെ ഭരണനിർവ്വഹണവും പാഠ്യക്രമീകരണങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് പുതുതായി എന്തൊക്കെ സംവിധാനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇത്തരം ബദൽ സംവിധാനത്തിലൂടെ തുടർവിദ്യാഭ്യാസം നടത്തുന്ന സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്താനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യാനും പ്രത്യേക സംവിധാനം ആരംഭിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവരുന്ന ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാല്, ഏഴ്, പത്ത് തുടങ്ങിയ തുല്യതാ കോഴ്സുകൾ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും നടത്തിവരുന്നു.

(ബി) എസ്. എസ്. എ. പദ്ധതിയിൻ കീഴിൽ 446 ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2967 വിദ്യാകേന്ദ്രങ്ങൾ വഴി നാല്, ഏഴ് എന്നിവയുടെ തുല്യതാ ക്ലാസ്സുകളും പത്താംതരം തുല്യതാ പഠന കേന്ദ്രങ്ങളായി 333 സർക്കാർ/എയ്ഡഡ് സ്കൂളുകളും സ്കൂൾ പഠനം നിർത്തിയവർക്കായി പ്രവർത്തിക്കുന്നു.

(സി) എസ്. എസ്. എ. യുടെ ബദൽ വിദ്യാലയങ്ങളിലെ സ്വയം പഠന സാമഗ്രികൾ പരിഷ്ക്കരിക്കുന്നതിനും അവ വിനിമയം ചെയ്യുന്നതിന് വിദ്യാഭ്യാസ വോളണ്ടിയർമാർക്ക് പരിശീലനം നൽകുന്നതിനും ഉദ്ദേശമുണ്ട്. തുല്യതാ കോഴ്സുകൾ നടത്തുന്ന വിദ്യാലയങ്ങളുടെ ഭരണ നിർവ്വഹണവും പാഠ്യ ക്രമീകരണങ്ങളും(സർക്കാർ/എയ്ഡഡ് സ്കൂളുകളൊഴികെ) സംസ്ഥാന സാക്ഷരതാമിഷൻ, എസ്.സി.ഇ.ആർ.ടി., ഡയറ്റ്, ത്രിതല പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ ചുമതലയിലാണ് നടത്തിവരുന്നത്. പുസ്തക പരിഷ്ക്കരണം, പഠനോപകരണ വിതരണം, ഇൻസ്ട്രക്ടർമാർക്കുള്ള ഓണറേറിയം വിതരണം എന്നിവ നടത്തിയിട്ടുണ്ട്.

(ഡി) സമർത്ഥരായ കുട്ടികളുടെ സർഗാത്മകതയെ പരിപോഷിപ്പിക്കുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രത്യേക പ്രവർത്തനങ്ങളും പരിശീലനങ്ങളും എസ്. എസ്. എ. വഴി നൽകുന്നുണ്ട്. ത്രിതല പഞ്ചായത്തു കളുടെ സഹായത്തോടെ വിദ്യാകേന്ദ്രം പ്രേരക്മാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർ മുഖാന്തിരം പഠിതാക്കളെ കണ്ടെത്തി അവർക്കാവശ്യമായ പഠന സൗകര്യങ്ങൾ പ്രദാനം ചെയ്യാനുള്ള സംവിധാനം തുല്യതാ പഠനകേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES·Kerala Legislative Assembly